കേരള സർക്കാർ

# മുളന്തുരുത്തി ഗ്രാമപഞ്ചായത്ത്
# 2016-17
# ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ.ഇകെഎം(പി6)1268/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്–682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

തീയതി :15.07.2017

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുളന്തുരുത്തി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് – 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുളന്തുരുത്തി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ് :-</u>

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡപ്യൂട്ടി ഡയറക്ടർ, എറണാകുളം
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ഇകെഎം(പി6)1268/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ, കാക്കനാട് – 682030
ഫോൺ : 0484 – 2422271
email :doekm.ksad@kerala.gov.in

തീയതി : 15.07.2017

## എറണാകുളം ജില്ലയിലെ മുളന്തുരുത്തി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മുളന്തുരുത്തി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 30.11.2016 മുതൽ 31.3.2017 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചിട്ടുണ്ട്. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ട്. ഇതിൽ 19 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 13 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾക്കുള്ള മറുപടി പരിഗണിക്കുകയും ചെയ്ത ശേഷമാണ് പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | പി.ജയപ്രകാശ്, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റ് നടത്തിയ തിയതി | 20.6.2017 മുതൽ 28.6.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | അജിതൻ ടി.എൻ.,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ) |
| | ഉമ ജി.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | റഷീദ് സി.എം.,അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | രാജീവ് ആർ.,സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | പേര് | കാലയളവ് | |
|---|---|---|---|
| പ്രസിഡന്റ് | റെഞ്ചി കുര്യൻ കൊള്ളിനാൽ | 1.4.2016 | 31.3.2017 |
| വൈസ് പ്രസിഡന്റ് | സലോമി സൈമൺ | 1.4.2016 | 31.3.2017 |

| | | പേര് | കാലയളവ് | |
|---|---|---|---|---|
| സ്റ്റാൻറിംഗ് കമ്മറ്റി ചെയർ പേഴ്സൺസ് | വികസന കാര്യം | എ.കെ.ബാലകൃഷ്ണൻ | 1.4.2016 | 31.3.2017 |
| | ക്ഷേമ കാര്യം | മരിയൻ വർഗ്ഗീസ് | 1.4.2016 | 31.3.2017 |
| | വിദ്യാഭ്യാസം & ആരോഗ്യം | ജോർജ് മാണി പാട്ടച്ചേരിൽ | 1.4.2016 | 31.3.2017 |
| സെക്രട്ടറി | | ഡാർലിആന്റണി | 1.4.2016 | 30.7.2016 |
| | | ശോശാമ്മ സി.എസ്. | 1.8.2016 | 31.3.2017 |
| അസിസ്റ്റന്റ് സെക്രട്ടറി | | ഷീല യു. | 1.4.2016 | 31.3.2017 |

<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| കൃഷി ഓഫീസർ | സീന പി.ജി | 1.4.2016 | 13.2.2017 |
| | സതീഷ്കുമാർ.എം.ഡി. | 14.2.2017 | 31.3.2017 |
| മെഡിക്കൽ ഓഫീസർ (സി.എച്ച്.സി) | ഡോ.ഷാജി.പി.എസ്. | 1.4.2016 | 31.3.2017 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ഉമ.ജി.എസ്. | 1.4.2016 | 31.3.2017 |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.രാജു.ഇ.എൻ | 1.4.2016 | 31.8.2016 |
| | ഡോ.അമ്പിളി | 1.9.2016 | 31.3.2017 |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | വൽസലകുമാരി.പി.എസ്. | 1.4.2016 | 31.3.2017 |
| വില്ലേജ്എക്സ്റ്റൻഷൻ ഓഫീസർ (പെരുമ്പിള്ളി) | മഞ്ജുഷ.കെ.എസ്. | 1.4.2016 | 31.3.2017 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (മുളന്തുരുത്തി) | വിനോദ്. വി. | 1.4.2016 | 31.3.2017 |
| ഹെഡ് മിസ്ട്രസ് GUPS, കാരിക്കോട് | സിസി എ.എൽ. | 1.4.2016 | 31.3.2017 |
| വെറ്ററിനറി സർജൻ | ഡോ. ശോഭ ജയറാം | 1.4.2016 | 31.3.2017 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ഷൈലജ പി.കെ. | 1.4.2016 | 28.7.2016 |
| | ജോമോൻ ടി.പി | 29.7.2016 | 30.8.2016 |
| | ദിവ്യ ഭൂപേഷ് | 31.8.2016 | 29.9.2016 |
| | ജോമോൻ ടി.പി | 29.9.2016 | 31.3.2017 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ജയ കെ.ആർ | 1.4.2016 | 31.3.2017 |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം – 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തനത് വരുമാനം. | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | ഓഡിറ്റിൽ കണ്ടെത്തിയ നഷ്ടത്തുക തിരിച്ചടച്ചത്. | 1-12 |
| | ഭാഗം - 2 | |
| 13 | വസ്തു നികുതി പിരിക്കുന്നതിൽ പഞ്ചായത്തിന് അഭിനന്ദനാർഹമായ പുരോഗതി | 2-1 |
| 14 | തനത് ഫണ്ട് സൂക്ഷിക്കുന്നതിലെ ന്യൂനതകൾ | 2-2 |
| 15 | തൊഴിൽ നികുതി - ന്യൂനതകൾ | 2-3 |
| | ഭാഗം - 3 | |
| 16 | ജനറേറ്റർ - അവശ്യ അനുമതി കൂടാതെ സ്ഥാപിച്ചു | 3-1 |
| 17 | എൽ ഇ ഡി ലൈറ്റുകൾ സ്ഥാപിക്കൽ - അപാകതകൾ | 3-2 |
| 18 | മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല. തുക തടസ്സപ്പെടുത്തുന്നു. | 3-3 |
| 19 | ഐ.എ.വൈ. പഞ്ചായത്ത് വിഹിതം- അധികം തുക നൽകിയത്. | 3-4 |
| 20 | അങ്കണവാടി പോഷകാഹാര പദ്ധതി- കേന്ദ്ര വിഹിതം ബാക്കി നിൽക്കുന്നു. | 3-5 |
| 21 | ഹെഡ് മിസ്ട്രസ് നടപ്പാക്കിയ പ്രോജക്ടുകളിലെ - ന്യൂനതകൾ | 3-6 |
| 22 | വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല. | 3-7 |
| 23 | തനത് ഫണ്ടിൽ നിന്നും താത്കാലികമായി അനുവദിച്ച തുക തിരികെ ലഭ്യമാക്കുന്നത്. | 3-8 |
| 24 | ക്ഷേമ പെൻഷനുകൾ- പൊതുവായ ന്യൂനതകൾ | 3-9 |
| | ഭാഗം - 4 | |
| 25 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |

| | | |
|---|---|---|
| 26 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 27 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 28 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 29 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 30 | ഓഡിറ്റ് റിക്കവറി | 4-6 |
| 31 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 32 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 33 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 34 | ഓഡിറ്റ് സർട്ടിഫിക്കറ്റ് 2016-17 | അനുബന്ധം.1 |
| 35 | ബാലൻസ് ഷീറ്റ് 2016-17 | അനുബന്ധം.2 |
| 36 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് 2016-17 | അനുബന്ധം.3 |
| 37 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് 2016-17 | അനുബന്ധം.4 |



# ഭാഗം 1

## പൊതു അവലോകനം

## 1-1. ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 23.2.2016ലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവുകളുടേയും യഥാർത്ഥ വരവു ചെലവുകളുടേയും വിവരം താഴെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 14,01,58,000 | 14,29,47,300 |
| വാർഷിക കണക്കുകൾ പ്രകാരം | 7,62,89,747 | 7,93,98,635 |
| വ്യത്യാസം | 6,38,68,253 | 6,35,48,665 |

ബജറ്റ് പ്രകാരമുള്ള വരവ്-ചെലവുകളും യഥാർത്ഥ വരവ്-ചെലവുകളും തമ്മിൽ അന്തരമുണ്ട്. ബജറ്റ് തയ്യാറാക്കുമ്പോൾ യാഥാർത്ഥ്യ ബോധ്യത്തോടെ തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31.7.2017 | 14.6.2017 |

.

# 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ /തീയതി |
|---|---|---|
| 2016-17 | 24.6.2017 | ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധം 1 ആയി ഓഡിറ്റ് റിപ്പോർട്ടിനോടൊപ്പം ചേർത്തി ട്ടുണ്ട്. |

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് & പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,69,59,889.60 |
| വരവ് | 7,62,89,747.00 |
| ആകെ | 9,32,49,636.60 |
| ചെലവ് | 7,93,98,635.00 |
| നീക്കിയിരിപ്പ് | 1,38,51,001.60 |

ബാലൻസ് ഷീറ്റ് പ്രകാരം ഓഡിറ്റ് വർഷങ്ങളിൽ പിരിച്ചെടുക്കുവാൻ ബാക്കിനിൽക്കുന്ന വസ്തു നികുതിയുടെ വിവരം താഴെ ചേർക്കുന്നു.

| ഇനം | തുക |
|---|---|
| വസ്തു നികുതി | 3,18,088 |
| തൊഴിൽ നികുതി | 2,500 |

പഞ്ചായത്തിന് ലഭിക്കാനുള്ള നികുതി തുകകൾ കുടിശ്ശികയില്ലാതെ പിരിച്ചെടുക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ് |
|---|---|---|---|---|---|
| പൊതുവിഭാഗം | 0 | 9827596 | 9827596 | 9827596 | 0 |
| എസ്.സി. പി. | 0 | 5447715 | 5447715 | 5447715 | 0 |
| ടി.എസ്. പി. | 0 | 119901 | 119901 | 119901 | 0 |
| സംരക്ഷണഗ്രാന്റ്-റോഡ് | 0 | 8365716 | 8365716 | 8365716 | 0 |
| സംരക്ഷണ ഗ്രാന്റ്-നോൺ റോഡ് | 0 | 3055794 | 3055794 | 3055794 | 0 |
| 13-ാംധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 5511074 | 5511074 | 5511074 | 0 |

| | | | | | |
|---|---|---|---|---|---|
| പെർഫോമൻസ് ഗ്രാന്റ് (ലോകബാങ്ക്) | 0 | 2886236 | 2886236 | 2886236 | 0 |
| എം.എൻ. ആർ. ഇ.ജി.എസ്. | 7544 | 1020202 | 1027746 | 1018763 | 8983 |
| ബി ഫണ്ട് | 0 | 437270 | 437270 | 437270 | 0 |

പദ്ധതി വിഹിതം 100% ചെലവഴിച്ച് മികച്ച പ്രവർത്തനം നടത്തുവാൻ ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് ഇ.എഫ്.എം.എസ് മുഖേന ലഭിച്ച തുകകൾ വരവുചെലവു കണക്കുകളിൽ ഉൾപ്പെടുത്താത്തതിനാൽ മേൽ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ല. ഇ.എഫ്.എം.എസ് മുഖേന 2016-17 വർഷത്തിൽ 25148795/-രൂപയുമാണ് ട്രാൻസ്ഫർ ചെയ്തിട്ടുള്ളത്.

# 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ % |
|---|---|---|---|---|---|---|---|
| 2016-17 | 152 | 35214032 | 139 | 35214032 | 13 | 0 | 100 |

# 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2016-17സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 16.23 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശത മാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 7053108 | 10142220 | + 3089112 | 43.80 |
| നികുതിയേതര വരവുകൾ | 2957985 | 1472094 | - 1485891 | -50.23 |
| മറ്റുവരവുകൾ | 1380 | 22774 | + 21394 | 1550 |
| ആകെ | 10012473 | 11637088 | 1624615 | +16.23 |

# 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,20,120 | 88 |
| കർഷകതൊഴിലാളി പെൻഷൻ | 57,23,710 | 690 |
| വിധവാപെൻഷൻ | 72,25,350 | 710 |

| | | |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 1,71,07,805 | 1696 |
| ശാരീരികവും മാനസികവുമായി വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ | 22,98,225 | 277 |
| 50 വയസ്സ് മുകളിൽ പ്രായമായ അവിവാഹിതകൾക്കുള്ള ധനസഹായം | 6,26,510 | 67 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 60,000 | 2 |

# 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.6.2017 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 65127/-രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം.

1.രജിസ്റ്ററുകളുടെ സൂക്ഷിപ്പ്.

1.ആസ്തി രജിസ്റ്റർ. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ഓരോ വർഷത്തിലും ആർജിക്കുന്ന ആസ്തിയുടെ വിവരങ്ങൾ ഉൾപ്പെടുത്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

2.സാംഖ്യയിൽ നിന്നുള്ള പേയ്മെന്റ് വൗച്ചറുകൾ

സാംഖ്യയിൽ നിന്നുള്ള പേയ്മെന്റ് വൗച്ചറുകൾ പ്രിന്റെടുത്ത് സൂക്ഷിച്ചിട്ടില്ല. ആയത് പാലിക്കേണ്ടതാണ്.

# 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.6.2017മുതൽ 13.6.2017വരെ | 5/2017 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 3.5.2004 മുതൽ 15.5.2004 വരെ | 1993-94 മുതൽ 2003-04 വരെ | 21.7.2004 |

# 1-12 ഓഡിറ്റിൽ കണ്ടെത്തിയ നഷ്ടങ്ങൾ തിരിച്ചടച്ചത്.

ഓഡിറ്റ് എൻക്വയറിയെ തുടർന്ന് വിവിധയിനങ്ങളിലായി 58987 /- രൂപ താഴെ കൊടുത്തിരിക്കുന്ന പ്രകാരം തിരിച്ചടച്ചിട്ടുണ്ട്.

| ഓഡിറ്റ് എൻക്വയറി നം | നിർവ്വഹണ ഉദ്യോഗസ്ഥൻ | തിരിച്ചടച്ച തുക | രസീത് നമ്പർ /തീയതി |
|---|---|---|---|
| 7 | സെക്രട്ടറി | 800<br>800 | 117010101735/27.6.2017<br>117010101735/27.6.2017 |

| | | | |
|---|---|---|---|
| 4 | അസിസ്റ്റന്റ് എഞ്ചിനീയർ | 8521 | 117010101749/28.6.2017 |
| 18 | അസിസ്റ്റന്റ് എഞ്ചിനീയർ | 41715<br>7151 | 117010101777/28.6.2017<br>3/11545/ 28.6.2017 |
| | | 58987 | |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തു നികുതി പിരിക്കുന്നതിൽ പഞ്ചായത്തിന് അഭിനന്ദനാർഹമായ പുരോഗതി

പഞ്ചായത്ത് 2016-17 വർഷം വസ്തു നികുതി പിരിവ് ഊർജിതമാക്കിയിട്ടുണ്ട്. 2016-17 വർഷാരംഭം 29,38,975 രൂപ കുടിശ്ശികയുണ്ടായിരുന്നു. തൻവർഷം 43,84,795 രൂപയുടെ ഡിമാന്റും ചേർത്ത് ആകെ 73,23,770 രൂപയുടെ നികുതി ഈടാക്കാനുണ്ടാ യിരുന്നതിൽ 70,20,830 രൂപ ഈടാക്കിയിട്ടുണ്ട്. നികുതി പിരിവ് 95.86%. ഈ പുരോഗതി അഭിനന്ദനീയവും അനുകരണീയവുമാണ്. വിശദാംശം താഴെച്ചേർക്കുന്നു.

| ക്രമ നം | വസ്തു നികുതി | ഡിമാന്റ് | പിരിവ് | ബാക്കി (ലൈബ്രറി സെസ്സുൾപ്പടെ) |
|---|---|---|---|---|
| 1 | ഗാർഹിക കെട്ടിടങ്ങൾ – തൻവർഷം | 32,88,616 | 31,79,566 | 1,14,502.5 |
| 2 | കുടിശ്ശിക | 19,94,875 | 19,17,865 | 85181.5 |
| 3 | ഗാർഹിക കെട്ടിടങ്ങളല്ലാത്തവ – തൻവർഷം | 10,96,179 | 10,65,701 | 32,002 |
| 4 | കുടിശ്ശിക | 9,44,100 | 8,57,698 | 86,402 |
| | ആകെ | 73,23,770 | 70,20,830 | 3,18,088 |
| 7323770-7020830=3,02,940 , 318088-15147(ലൈബ്രറി സെസ്സ്) = 3,02,941 | | | | |

## 2-2 തനത് ഫണ്ട് സൂക്ഷിക്കുന്നതിലെ ന്യൂനതകൾ

തനത് ഫണ്ടിനായി പഞ്ചായത്തിൽ അഞ്ച് അക്കൗണ്ടുകൾ നിലവിലുണ്ട് . ഇവയുടെ വിശദാംശം താഴെച്ചേർക്കുന്നു. 26.05.2011ലെ 58725/ എഫ്.എം.3 2008/ത.സ്വ.ഭ.വ. നമ്പർസർക്കുലർ പ്രകാരം തനത് ഫണ്ടിനായി ട്രഷറി അക്കൗണ്ടിനു പുറമേ ദേശസാൽകൃത ബാങ്കിലോ സഹകരണ ബാങ്കിലോ ഒരു അക്കൗണ്ട് തുടങ്ങാവുന്നതാണ്. ഒന്നിൽ കൂടുതൽ ബാങ്ക് അക്കൗണ്ടുകൾ നിലനിർത്താവുന്നതല്ല.

| ക്രമ നം | ബാങ്ക് | അക്കൗണ്ട് നം. |
|---|---|---|
| 1 | യൂണിയൻ ബാങ്ക് | 550602010013042 |
| 2 | കാനറ ബാങ്ക് | 0713101027842 |
| 3 | എസ്.ബി.ഐ | 67394496318 |
| 4 | എറണാകുളം ജില്ലാ സഹകരണ ബാങ്ക് | 014181000000002 |

| | | |
|---|---|---|
| 5 | എറണാകുളം ജില്ലാ സഹകരണ ബാങ്ക് | 014281000000005 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, പല ആവശ്യങ്ങൾക്കായി അക്കൌണ്ടുകൾ തുടങ്ങിയെന്ന് മറുപടി ലഭിച്ചിട്ടുണ്ട്. എന്നാൽ ഇത് സർക്കുലറിന് വിരുദ്ധമാണ്. ആയതിനാൽ ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി - ന്യൂനതകൾ.

2016-17 വർഷം രണ്ടു അർദ്ധവർഷങ്ങളിലും താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്ന് സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | കെ.എസ്.ഇ.ബി. മുളന്തുരുത്തി |
| 2 | സപ്ലൈകോ ലാഭം മാർക്കറ്റ്, മുളന്തുരുത്തി |
| 3 | സപ്ലൈകോ മെഡിക്കൽ ഷോപ്പ്, മുളന്തുരുത്തി |
| 4 | ബി.എസ്.എൻ.എൽ , മുളന്തുരുത്തി |
| 5 | ടോക്കച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് ആന്റ് ടെക്നോളജി |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. നികുതി ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

# ഭാഗം-3

# ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ജനറേറ്റർ - അവശ്യ അനുമതി കൂടാതെ സ്ഥാപിച്ചു

ഗ്രാമപഞ്ചായത്തിലെ ശ്മശാനത്തിലെ ഉപയോഗത്തിന് വേണ്ടി വാങ്ങിയ 15 കെ.വി. ജനറേറ്റർ സ്ഥാപിച്ചത് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ നിന്നുള്ള അവശ്യ അനുമതി കൂടാതെയാണ് . പ്രൊജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു .

| | |
|---|---|
| പ്രൊജക്ട് നം /പേര് | S 0169/17, ശ്മശാനത്തിന് ജനറേറ്റർ |
| അംഗീകാരം | DDPEKMF-6890 /16/4.1.17 |
| അടങ്കൽ | 400000/- തനത് ഫണ്ട് |
| ചെലവ് | 400000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

ജനറേറ്റർ വാങ്ങൽ, സ്ഥാപിക്കൽ എന്നീ ഇനങ്ങളാണ് പ്രൊജക്ടിൽ ഉൾപ്പെടുത്തിയിരുന്നത്. ആയതിന്റെ നിർവ്വഹണം താഴെ പറയും പ്രകാരമാണ്.

| ക്രമ നം | ഇനം | നിർവ്വഹണം | ബിൽ നം | ചെക്ക് നം | തുക |
|---|---|---|---|---|---|
| 1 | ജനറേറ്റർ വാങ്ങൽ | ജെൻലൈറ്റ് എഞ്ചിനീയറിംഗ്, പുത്തൻകുരിശ് | GEPL-P/ 16-17/1285/ 3.2.2017 | 1587367/ 7.2.2017 | 292000 |
| 2 | ജനറേറ്റർ സ്ഥാപിക്കൽ | ഗുഡ് വിൽ എഞ്ചിനീയറിംഗ് | 004,202,203 /17.02.2017 | 1587384 /3.3.17 (106920/-), | 108000 |

| | | | | | |
|---|---|---|---|---|---|
| | | | | 1587385 /3.3.17 (1080/-) | |

ജനറേറ്ററുകൾ സ്ഥാപിക്കുന്നതിന് സർക്കാർ ഉത്തരവുകൾ (എം.എസ്.) 34/2012 /PD/TVM / 31.12.12 , (എം.എസ്.) 15/2013 / PD/TVM / 05.04.2013 എന്നിവ പ്രകാരമുള്ള ഇൻസ്പെക്ഷൻ ഫീസ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റിൽ ഒടുക്കി പരിശോധനയുടെ അടിസ്ഥാനത്തിൽ അപ്രൂവൽ വാങ്ങേണ്ടതുണ്ട്. ഗ്രൂഡ് വിൽ എഞ്ചിനീയറിംഗിന്റെ ടെണ്ടർ പ്രകാരവും (നം ഇല്ല, തീയതി ഇല്ല) ബില്ലുകൾ പ്രകാരവും 108000 /- രൂപയിൽ 20000/- രൂപ ഇപ്രകാരം അപ്രൂവൽ വാങ്ങുന്നതിനുള്ള ചെലവാണ്. ടെണ്ടറിൽ ഉൾപ്പെടുത്തി തുക കൈപ്പറ്റിയിട്ടും അവശ്യ അനുമതി കൂടാതെ ജനറേറ്റർ സ്ഥാപിച്ചത് സംബന്ധിച്ച് വിശദീകരണം നൽകണമെന്നാവശ്യപ്പെട്ട് 20.06.2017 ൽ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും(നം 1) മറുപടി ലഭ്യമാക്കിയില്ല. 20000 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-2 എൽ ഇ ഡി ലൈറ്റുകൾ സ്ഥാപിക്കൽ - അപാകതകൾ

എൽ.ഇ.ഡി. ലൈറ്റുകൾ സ്ഥാപിക്കുന്നതിന് സെക്രട്ടറി, അസി: സെക്രട്ടറി എന്നിവർ നിർവ്വഹണ ഉദ്യോഗസ്ഥരായി രണ്ട് പ്രൊജക്ടുകൾ നടപ്പാക്കി. പ്രൊജക്ടുകളുടെ നിർവ്വഹണത്തിൽ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കപ്പെട്ടില്ല.വിശദ വിവരം താഴെ ചേർക്കുന്നു.

പ്രൊജക്ട് 1

പ്രൊജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു .

| | |
|---|---|
| പ്രൊജക്ട് നം/പേര് | S 0143/17,എൽ ഇ ഡി സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ |
| അംഗീകാരം | DDPEKMF-6890/16/1.8.16 |
| അടങ്കൽ | 301000/-വികസന ഫണ്ട് |
| ചെലവ് | 326000/-(വികസന ഫണ്ട് 301000<br>ധനകാര്യ കമ്മീഷൻ ഗ്രാന്റ് 25000) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | സെക്രട്ടറി |

ലൈറ്റുകൾ സ്ഥാപിച്ച സ്ഥലങ്ങൾ

1.പഞ്ചായത്ത് ജംഗ്ഷൻ 2.പുളിക്കമാലി ജംഗ്ഷൻ

യുണൈറ്റഡ് ഇലക്ട്രിക്കൽസ് കൊല്ലം എന്ന സ്ഥാപനം മുഖാന്തിരമാണ്(സർക്കാർ ഉത്തരവ് (സാധാ) നം 3140/2015/ത സ്വ ഭ വ/ 16.10.2015) എൽ ഇ ഡി ലൈറ്റുകൾ സ്ഥാപിച്ചത്. ചെലവിന്റെ വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ബിൽ നം | വൗച്ചർ നം | തുക |
|---|---|---|
| STL 226/09.02.2017 | 21601030/28.02.2017 | 25000 |
| | 21601031/28.02.2017 | 301000 |

പ്രൊജക്ട് നിർവ്വഹണം സംബന്ധിച്ച അപാകതകൾ താഴെ ചേർക്കുന്നു.

1. എൽ ഇ ഡി ലൈറ്റുകൾ സ്ഥാപിക്കുന്നതിന് 16.10.2015 ലെ സ ഉ(സാധാ) നം 3140/2015/ത സ്വ ഭ വ പ്രകാരം കെ എസ് ഇ ബി യിൽ നിന്നുള്ള ക്ലിയറൻസ് ആവശ്യമാണ്. ഉത്തരവിലെ വ്യവസ്ഥ (2) പ്രകാരം പ്രസ്തുത ക്ലിയറൻസ് വാങ്ങിയതിനു ശേഷമാണ് സപ്ലൈ ഓർഡർ നൽകേണ്ടത്. എന്നാൽ ക്ലിയറൻസ് ലഭിച്ചതിന്റെ രേഖകൾ

ഫയലിൽ സൂക്ഷിച്ചിട്ടില്ല. ക്ലിയറൻസ് രേഖകൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നം 2/20.06.2017) മറുപടി ലഭ്യമാക്കിയില്ല.
2. അംഗീകാരം കിട്ടിയ പ്രൊജക്ട് പ്രകാരം അടങ്കൽ തുക 301000 രൂപയാണ്. എന്നാൽ പ്രൊജക്ടിന്റെ ചെലവ്, 25000 രൂപ ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉൾപ്പെടെ 326000 രൂപയാണ്. പ്രൊജക്ട് പുതുക്കി അംഗീകാരം വാങ്ങിയിട്ടുണ്ടെങ്കിൽ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ടെങ്കിലും ലഭ്യമാക്കിയില്ല.

പ്രൊജക്ട് നം 2
പഞ്ചായത്തിലെ വിവിധ വാർഡുകളിലായി 71 എൽ ഇ ഡി ലൈറ്റുകളാണ് സ്ഥാപിച്ചത് ഈ പ്രൊജക്ട് പ്രകാരം സ്ഥാപിച്ചത്.
പ്രൊജക്ടിന്റെ വിശദ വിവരം താഴെ ചേർക്കുന്നു .

| | |
|---|---|
| പ്രൊജക്ട് നം/പേര് | S 014517,എസ് സി കോളനികളിൽ എൽ ഇ ഡി സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ |
| അംഗീകാരം | ML- 287/16/1.8.16 എസ് സി ഡെവലപ്പ്മെന്റ് ഓഫീസർ |
| അടങ്കൽ | 250000/- (എസ് സി പി - 238913തനത് ഫണ്ട് - 11087) |
| ചെലവ് | 248500/- (എസ് സി പി - 238913 തനത് ഫണ്ട് - 9587) |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി:സെക്രട്ടറി |

യുണൈറ്റഡ് ഇലക്ട്രിക്കൽസ് കൊല്ലം എന്ന സ്ഥാപനം മുഖാന്തിരമാണ്(സർക്കാർ ഉത്തരവ് (സാധാ) നം 3140/2015/ത സ്വ ഭ വ/ 16.10.2015) എൽ ഇ ഡി ലൈറ്റുകൾ സ്ഥാപിച്ചത്. ചെലവിന്റെ വിശദ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ബിൽ നം | വൗച്ചർ നം | തുക |
|---|---|---|
| STL 225/09.02.2017 | 21601012/28.02.2017 | 238913 |
| | 21600992/15.02.2017 | 9587 |

പ്രൊജക്ട് നിർവ്വഹണം സംബന്ധിച്ച അപാകതകൾ താഴെ ചേർക്കുന്നു.
1.എൽ ഇ ഡി ലൈറ്റുകൾ സ്ഥാപിക്കുന്നതിന് 16.10.2015 ലെ സ ഉ(സാധാ) നം 3140/2015/ത സ്വ ഭ വ പ്രകാരം കെ എസ് ഇ ബി യിൽ നിന്നുള്ള ക്ലിയറൻസ് ആവശ്യമാണ്. ഉത്തരവിലെ വ്യവസ്ഥ (2) പ്രകാരം പ്രസ്തുത ക്ലിയറൻസ് വാങ്ങിയതിനു ശേഷമാണ് സപ്ലൈ ഓർഡർ നൽകേണ്ടത്. എന്നാൽ ക്ലിയറൻസ് ലഭിച്ചതിന്റെ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ക്ലിയറൻസ് ലഭ്യമാണെങ്കിൽ ഓഡിറ്റ് പരിശോധനക്ക് ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും (നം 3/21.06.2017) മറുപടി ലഭ്യമാക്കിയില്ല.
എൽ ഇ ഡി ലൈറ്റുകൾ സ്ഥാപിക്കുമ്പോൾ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പാലിക്കേണ്ടതാണ്.

# 3-3 മരുന്നുകൾ പൂർണ്ണമായും ലഭിച്ചിട്ടില്ല - തുക തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | മെഡിക്കൽ ഓഫീസർ, ഗവ ഹോമിയോ ഡിസ്പെൻസറി, മുളന്തുരുത്തി |

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | എസ് 0031/16 -17,<br>ഹോമിയോപ്പതി മരുന്ന വാങ്ങൽ |
| അടങ്കൽ | 200000/- |
| ചെലവ് | 200000/-( ബിൽ നമ്പർ 01/16-17/21.12.16,<br>ഡിഡി നമ്പർ 382858/21.12.2016) |

ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന വാങ്ങൽ എന്ന പദ്ധതിക്കായി റോഡിതര മെയിന്റനൻസ് ഫണ്ടിൽ നിന്നും,200000/-രൂപാ പിൻവലിച്ച് മേൽ ഡിഡി പ്രകാരം ഹോംകോയ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ താഴെപ്പറയുന്ന ഇൻവോയ്സുകൾ പ്രകാരം 81394/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്.

| ഇൻവോയ്സ് നമ്പർ | തുക |
|---|---|
| LF160/30.05.2016 | 39887 |
| LF17/26.04.17 | 41507 |
| ആകെ | 81394 |

ബാക്കി നിൽക്കുന്ന 1,18,606/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടുണ്ടോ എന്ന വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 5) നൽകിയ മറുപടിയിൽ മരുന്നുകൾ ലഭ്യമാക്കുവാൻ അടിയന്തിര നടപടി സ്വീകരിക്കുന്നതായി നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചിട്ടുണ്ട്. മരുന്നുകൾ പൂർണ്ണമായും ലഭ്യമാകുന്നതു വരെ 1,18,606/- രൂപാ തടസ്സത്തിൽ വെയ്ക്കുന്നു.

## 3-4 ഐ.എ.വൈ. പഞ്ചായത്ത് വിഹിതം - അധികം തുക നൽകിയത്.

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥ | VEO, പെരുമ്പിള്ളി |
| പ്രോജക്റ്റ് നമ്പർ | എസ് 0016/16 -17, IAYപഞ്ചായത്ത് വിഹിതം. |
| അടങ്കൽ | 291500/- |
| ചെലവ് | 291500/-(ബിൽ നമ്പർ 05/16-17,02.11.16,<br>ഡിഡി നമ്പർ 362644/21.12.2016) |

ഐ.എ.വൈ. പഞ്ചായത്ത് ഷെയർ ആയി മുൻ വർഷങ്ങളിലേതുൾപ്പെടെ 291500/- രൂപാ മുളന്തുരുത്തി ബ്ലോക്ക് സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ട്. എന്നാൽ യഥാർത്ഥത്തിൽ നൽകേണ്ട തുക 271500/- രൂപയാണ്. ഇപ്രകാരം അധികം തുക നൽകിയത് തുടർ വർഷങ്ങളിൽ അഡ്ജസ്റ്റ് ചെയ്യേണ്ടതാണ്. പഞ്ചായത്ത് വിഹിതം നൽകിയതിന് വിനിയോഗ സാക്ഷ്യ പത്രം ലഭിച്ചിട്ടുണ്ടോ എന്ന വിവരം അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ( നമ്പർ 16) നൽകിയ മറുപടിയിൽ, അധികം നൽകിയ 20000/- രൂപാ അഡ്ജസ്റ്റ് ചെയ്യുന്നതിനും, വിനിയോഗ സാക്ഷ്യ പത്രം ലഭിക്കുന്നതിനും, നടപടി സ്വീകരിച്ചു വരുന്നതായി അറിയിച്ചിട്ടുണ്ട്.

## 3-5 അങ്കണവാടി പോഷകാഹാര പദ്ധതി - കേന്ദ്ര വിഹിതം ബാക്കി നിൽക്കുന്നു.

മുളന്തുരുത്തി ഗ്രാമപഞ്ചായത്തിൽ 2016-2017 വർഷത്തെ , പൂരക പോഷകാഹാര പദ്ധതിക്കായി ലഭിച്ച കേന്ദ്ര വിഹിതം, ചെലവായ തുക, ലഭിച്ച കേന്ദ്ര വിഹിതത്തിൽ 1179890/- രൂപാ ബാക്കി നിൽക്കുന്നുണ്ട്. സ.ഉ നമ്പർ 39033/ഡിസി 2010 തസ്വഭവ

03.09.2010 പ്രകാരം, പൂരക പോഷകാഹാര പരിപാടിക്കായി ലഭ്യമാകുന്ന കേന്ദ്ര സഹായത്തിന്റെ ശേഷിക്കുന്ന തുക വിനിയോഗിച്ച് സ്വന്തമായി സ്ഥലമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം വാങ്ങി കെട്ടിടം നിർമ്മിക്കുന്നതിനും, കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനും, അങ്കണവാടികളിൽ കുടിവെള്ളം, വൈദ്യുതി മുതലായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും, കളിക്കോപ്പുകൾ, ഭക്ഷണം പാകം ചെയ്യുന്നതിന് പാത്രങ്ങൾ,സംഭരണികൾ എന്നിവ വാങ്ങുന്നതിനും ഉപയോഗിക്കാം എന്ന് വ്യവസ്ഥ ചെയ്യുന്നു. മുളന്തുരുത്തി ഗ്രാമ പഞ്ചായത്തിൽ ആകെയുള്ള 28 അങ്കണവാടികളിൽ 18 എണ്ണത്തിനു മാത്രമാണ് സ്വന്തമായി കെട്ടിടം ഉള്ളത്. രണ്ട് അംഗനവാടികൾക്ക് കെട്ടിട നിർമ്മാണത്തിനായി സ്ഥലം ലഭിച്ചതായി അറിയിച്ചിട്ടുണ്ട്. ഇത് കണക്കിലെടുത്ത് , ബാക്കി നിൽക്കുന്ന കേന്ദ്ര വിഹിതം പരമാവധി പ്രയോജനപ്പെടുത്തി, അങ്കണവാടികളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിലേക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

# 3-6 ഹെഡ്മിസ്ട്രസ് നടപ്പാക്കിയ പ്രോജക്ടുകളിലെ - ന്യൂനതകൾ

| | |
|---|---|
| പ്രോജക്ട് നമ്പർ | S 0025/17 |
| പേര് | എസ്.എസ്.എ. വിഹിതം |
| അടങ്കൽ | 3,50,000- (ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ചെലവ് വിവരം | ബിൽ നം.01/16-17 തീ.25.11.16 തുക =1,50,000<br>ബിൽ നം.03/16-17 തീ.16.01.17 തുക = 2,00,000<br>ഡി.ഡി. നം.363167 തീ. 6.01.17തുക = 2,00,000 |

പ്ലാൻ ഔട്ട് ലേ യുടെ 40% ആണ് പഞ്ചായത്ത് വിഹിതമായി നൽകിയിരിക്കുന്നത്. ഇത് സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം, 2,00,000 രൂപയുടെ ട്രഷറി ബില്ലിന്റെ പകർപ്പ്, കൈപ്പറ്റ് രസീതുകൾ എന്നിവ ഓഡിറ്റിനായി ലഭ്യമാക്കിയിട്ടില്ല. ഇവ ലഭ്യമാക്കേണ്ടതാണ്. 3,50,000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# 3-7 വിനിയോഗ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയില്ല.

നിർവ്വഹണോദ്യോഗസ്ഥൻ സെക്രട്ടറി

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിനിയോഗ സർട്ടിഫിക്കറ്റ് പരിശോധനക്ക് ലഭ്യമാക്കിയില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ഡി.ഡി. നമ്പർ/ ചെക്ക് നം. ബിൽ നം. | മുൻകൂർ നൽകിയ തുക |
|---|---|---|---|
| വാട്ടർ അതോറിറ്റി | ശ്മശാനം വാട്ടർ കണക്ഷൻ | 36295/ 29.12.16 = 49000<br>362953/ 29.12.16 = 49000<br>362954/ 29.12.16 = 14000 | 1,12,000 |

| | | | |
|---|---|---|---|
| വാട്ടർ അതോറിറ്റി | വേഴപ്പറമ്പ് റോഡിൽ കേടായ പൈപ്പുകൾ മാറ്റി സ്ഥാപിക്കൽ | 013986/ 29.3.17 | 2,28,000 |
| | | ആകെ | 3,40,000 |

വിനിയോഗ സർട്ടിഫിക്കറ്റ് പരിശോധനക്ക് ലഭ്യമാക്കേണ്ടതാണ്. ചെലവ് തുക 3,40,000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-8 തനത് ഫണ്ടിൽ നിന്നും താൽക്കാലികമായി അനുവദിച്ച തുക തിരികെ ലഭ്യമാക്കുന്നത്.

മുളന്തുരുത്തി ഗ്രാ. പഞ്ചായത്ത് കമ്മിറ്റിയുടെ 1-2(9)-ാം നമ്പർ തീരുമാനപ്രകാരം, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സ.ഉ (സാധാ)നം 1724/2016/തസ്വഭവ 23.05.2016 അനുസരിച്ച് മഴക്കാല പൂർവ്വ ശുചീകരണത്തിനായി വാർഡ് ഒന്നിന് 10000/- രൂപാ വച്ച് അനുവദിക്കുന്നതിനും, ഫണ്ട് ലഭ്യമാകുന്ന മുറക്ക് തിരികെ ഈടാക്കുന്നതിനും തീരുമാനിച്ചതനുസരിച്ച് താഴെ പറയും പ്രകാരം ഫണ്ട് അനുവദിച്ചിട്ടുണ്ട്.

| വൗച്ചർ നമ്പർ /തീയതി | ചെക്ക് നമ്പർ /തീയതി | തുക |
|---|---|---|
| 51600199 | 1432486/16.06.17 | 10,000/- |
| 51600200 | 1432487/16.16.17 | 10,000/- |
| 51600201 | 1432488/16.06.17 | 10,000/- |
| 51600202 | 1432489/16.06.17 | 10,000/- |
| 51600203 | 1432490/16.06.17 | 10,000/- |
| 51600204 | 1432491/16.06.17 | 10,000/- |
| 51600205 | 1432492/16.06.17 | 10,000/- |
| 51600206 | 1432493/16.06.17 | 10,000/- |
| 51600207 | 1432494/16.06.17 | 10,000/- |
| 51600217 | 432500/23.06.17 | 10,000/- |
| 51600218 | 431951/23.06.17 | 10,000/- |
| 51600219 | 431952/23.06.17 | 10,000/- |
| 51600220 | 431953/23.06.17 | 10,000/- |
| 51600221 | 431954/23.06.17 | 10,000/- |
| 51600222 | 431955/23.06.17 | 10,000/- |
| 51600223 | 431956/23.06.17 | 10,000/- |

ഈ തുക തനത് ഫണ്ടിലേക്ക് തിരികെ ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം അറിയിക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 17 ന്, ഈ തുക തിരികെ സ്വീകരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട് എന്നറിയിച്ചിട്ടുണ്ട്. ഈ 160000/- രൂപാ പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-9 ക്ഷേമ പെൻഷനുകൾ- പൊതുവായ ന്യൂനതകൾ

വിവിധ ക്ഷേമ പെൻഷൻ ചട്ടങ്ങൾ പ്രകാരം, ക്ഷേമ പെൻഷൻ അപേക്ഷകളിൽ 45 ദിവസത്തിനകം തീരുമാനം എടുക്കണമെങ്കിലും ഇത് പാലിച്ചിട്ടില്ല. ഏതാനും ഉദാഹരണങ്ങൾ താഴെച്ചേർക്കുന്നു. കൂടാതെ തീരുമാനത്തിന്റെ വിവരം അപേക്ഷകളിലും, ക്ഷേമപെൻഷൻ രജസ്റ്ററുകളിലും ചേർക്കുന്നില്ല. അപേക്ഷകളിൽ കാല താമസമില്ലാതെ നടപടികൾ എടുക്കേണ്ടതും, എടുത്ത നടപടികളുടെ വിവരം അപേക്ഷകളിലും ക്ഷേമ പെൻഷന്റെ രജിസ്റ്ററുകളിലും ചേർക്കേണ്ടതുമാണ്.

| ക്രമ നം. | അപേക്ഷകരുടെ പേര്/ വിലാസം | അപേക്ഷ ലഭിച്ച തീയതി | തീരുമാനം എടുത്ത തീയതി | എടുത്ത ദിവസം |
|---|---|---|---|---|
| 1 | ബേബി.എം.എം. മനേപറമ്പിൽ, മുളന്തുരുത്തി | 04.03.16 | 24.06.16 | 112 |
| 2 | കമലമ്മ പി, ചെമ്മരിക്കൽ മുളന്തുരുത്തി | 07.04.16 | 18.07.2016 | 102 |
| 3 | കെ വൈ.ചുമ്മാർ, കാട്ടാമ്പള്ളിൽ, മുളന്തുരുത്തി | 24.09.16 | 16.11.2016 | 53 |
| 4 | ഇ.വി.മോളി, നാനാത്ര, പെരുമ്പള്ളി, മുളന്തുരുത്തി | 29.09.2016 | 16.11.2016 | 48 |

2. മരണമടഞ്ഞ പെൻഷണറുടെ പെൻഷൻ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ മരണാനന്തരം ക്രെഡിറ്റ് ചെയ്യപ്പെട്ട തുക തിരികെ കൺസോളിഡേറ്റഡ് ഫണ്ടിലേക്ക് ഒടുക്കുന്നതിനായി ബാങ്ക് ശാഖകളിലേക്ക് കത്തുകൾ നൽകിയിട്ടുണ്ടെങ്കിലും, ഇത് ഉറപ്പ് വരുത്തേണ്ടതും പെൻഷൻ ഈ അക്കൗണ്ടുകളിൽ നിക്ഷേപിക്കുന്ന ഏജൻസിയുമായ ഡയറക്ട് ബെനിഫിറ്റ് ട്രാൻസ്ഫർ സെല്ലിന്, ഈ കത്തുകളുടെ പകർപ്പ് നൽകിയിട്ടില്ല. ചില ഉദാഹരണങ്ങൾ താഴെച്ചേർക്കുന്നു.

| ക്രമ നം. | പെൻഷണറുടെ പേര് | മരണാനന്തരം ക്രെഡിറ്റ് ചെയ്യപ്പെട്ട തുക | ബാങ്കിനെ അറിയിച്ച തീയതി |
|---|---|---|---|
| 1 | ഭവാനിയമ്മ, കണിയാം തടത്തിൽ, മുളന്തുരുത്തി | 21000/- രൂപ | എ-6173/16 22.09.16 |
| 2 | ലക്ഷ്മിക്കുട്ടി, ശുദ്രപ്പള്ളിൽ വീട്, ആരക്കുന്നം | 3000/- രൂപ | എ8-7/2017 07.01.2017 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്, ഇനി മുതൽ ഡി.ബി.റ്റി സെല്ലിന് കത്തിന്റെ പകർപ്പ് നൽകുന്നതാണെന്ന് മറുപടി ലഭിച്ചിട്ടുണ്ട്. ഇത് പാലിക്കേണ്ടതാണ്

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1. സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 100000 | ക്ഷീര കർഷകർക്ക് പാൽ ഇൻസേന്റീവ് | 100000 | 0 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 250000 | അംഗപരിമിത വിദ്യാർത്ഥികൾക്ക് സ്കോളർ ഷിപ്പ് | 250000 | 0 |
| ജില്ലാ പഞ്ചായത്ത് | 2016-17 | 250000 | അംഗപരിമിത വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 250000 | 0 |

ചെലവഴിക്കാൻ ബാക്കിയുള്ള തുകകൾ ചെലവഴിക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ഡി.ഡി. നമ്പർ/ ചെക്ക് നം. ബിൽ നം. | മുൻകൂർ നൽകിയ തുക | ചെലവ ഴിച്ച തുക | ചെലവ ഴിക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|
| കെ.എസ് . ഇ.ബി | ഇലക്ട്രിക് പോസ്റ്റ് മാറ്റൽ | 361762/7.9.16 = 300000 362750/ 7.12.16 = 4681 362751/ 7.12.16 = 49000 | 353681 | 353681 | 0 |
| വാട്ടർ അതോറിറ്റി | ശ്മശാനം വാട്ടർ കണക്ഷൻ | 36295/29.12.16 = 49000 362953/ 29.12.16 = 49000 362954/ 29.12.16 = 14000 | 112000 | 0 | 112000 |
| വാട്ടർ അതോറിറ്റി | വേഴപ്പറമ്പ് റോഡിൽ കേടായ പൈപ്പുകൾ മാറ്റി സ്ഥാപി ക്കൽ | 013986/29.3.17 | 228000 | 0 | 228000 |

പ്രവൃത്തികൾ പൂർത്തിയാക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-3. മൊബിലൈസേഷൻ അഡ്വാൻസ്.

ഓഡിറ്റ് വർഷത്തിൽ മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4. വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും, വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയു ടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാ രംഭത്തിൽ തിരി ച്ചടയ്ക്കാൻ ബാ ക്കി യുണ്ടാ യിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവ സാനം തിരിച്ച ടയ്ക്കാൻ ബാക്കി യുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം. എസ്.ഭവന നിർമ്മാണം | സ.ഉ.നം. 781/ 2010/ ത.സ്വ.ഭവ . /8.3.2010 | 2722500 | 331800 | 225000 | | 106800 |
| ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് KURDFC | സ.ഉ.നം. 2759/ 15/ 10.9.2015 (22284000) | 13504524 | - | - | 856554 | 13504524 |
| ആകെ | | | | | | 13611324 |

## 4-5. സ്ഥിരനിക്ഷേപങ്ങൾ

| ഇനം | തുക |
|---|---|
| വർഷാരംഭത്തിലുണ്ടായിരുന്ന സ്ഥിര നിക്ഷേപം | 41,73,562 |
| തൻവർഷം നിക്ഷേപിച്ച് തുക | 50,00,000 |
| തൻവർഷം ലഭിച്ച പലിശ | 5,34,313 |
| ആകെ | 97,07,875 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 97,07,875 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം | നിക്ഷേപത്തിന്റെ വിവരം | രസീത് നം. | തുക |
|---|---|---|---|
| 1 | ജില്ലാ സഹകരണ ബാങ്ക്, മുളന്തുരുത്തി | 173926/ 19.10.2016 | 45,24,982 |
| 2 | യൂണിയൻ ബാങ്ക് മുളന്തുരുത്തി | 176209/ 1.3.2017 | 51,82,893 |
| | ആകെ | | 97,07,875 |

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി രജിസ്റ്റർ പ്രകാരം 2016-17 വർഷത്തിൽ ലഭിച്ച 13270/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര് | രശീത് നമ്പർ / തിയ്യതി |
|---|---|---|---|---|
| 2013-14 & 2014-15 | 3-2 | 420 | അക്രെഡിറ്റഡ് എഞ്ചിനീയർ, MGNREGS | 11601101607/ 7.6.2016 |
| 2013-14 & 2014-15 | 3-5 | 301 | ഉദയകുമാരി , പാർട്ട് ടൈം ലൈബ്രേറിയൻ | 1161101516/ 2.6.2016 |
| 2013-14 & 2014-15 | 3-5 | 899 | ഉദയകുമാരി , പാർട്ട് ടൈം ലൈബ്രേറിയൻ | 1105088/ 7.2.2014 (2013-14 ) |
| 2013-14 & 2014-15 | 3-3 | 2250 | ലില്ലി പോൾ, ടെക്നിക്കൽ അസിസ്റ്റന്റ് | 11601102513/ 29.7.2016 |
| 2013-14 & 2014-15 | 2-2(3) | 250 | സിസിലി പോൾ, ചീരമേലിൽ | 11601102513/ 3.8.2016 |
| 2006-07 | 3-19 | 3879 | എം.എം. ബിജു | 11601101962/ 1.7.2016 |
| 2006-07 | 3-20 | 1570 | പ്രഭാകരൻ M.N | 11601102088/ 8.7.2016 |
| 2013-14 & 2014-15 | 2-2(1) | 3700 | പോപ്പുലർ മോട്ടോർ കോർപ്പറേഷൻ | 11601101803/ 21.6.2016 |
| 2013-14 & 2014-15 | 2-2 (1) | 900 | തോംസൺ സ്റ്റോർഴ്സ് | 11601101846/ 23.6.2016 |
| ആകെ | | 13270 | | |

# 4-7. സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2012-13 | 3-7-1 | 2014-15 | 4.1.5 | വ്യവസായ കേന്ദ്രങ്ങൾ കെട്ടിട നിർമ്മാണത്തിൽ മാത്രമൊതുങ്ങുന്നു | നിലവിൽ വ്യവസായ ആവശ്യങ്ങൾക്ക് വാടകക്ക് നൽകുന്നതിനു വേണ്ട നടപടികൾ |

| | | | | | |
|---|---|---|---|---|---|
| | | | | | സ്വീകരിച്ചിട്ടുണ്ട്. |

# 4-8. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 7,62,89,747 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 7,93,98,635 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ളനഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 8,28,606 |

(ചെലവിനങ്ങളിലുള്ള നഷ്ടം, വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബി യിലേയും സി യിലേയും തുകയാണ്.)

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 20,000 | ശോശാമ്മ സി.എസ്., സെക്രട്ടറി |
| 3-3 | 1,18,606 | ഡോ.അമ്പിളി മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| 3-6 | 3,50,000 | സിസി എ.എൽ.ഹെഡ്മിസ്ട്രസ് GUPS,കാരിക്കോട് |
| 3-7 | 3,40,000 | ശോശാമ്മ സി.എസ്., സെക്രട്ടറി |
| ആകെ | 8,28,606 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| ശോശാമ്മ സി.എസ്.,<br>സെക്രട്ടറി | സെക്രട്ടറി,<br>മുളന്തുരുത്തി ഗ്രാമ പഞ്ചായത്ത് | പറപ്പിള്ളിൽ ഹൗസ്,<br>ഇരുമ്പനം പി.ഒ.,<br>കരിങ്ങാച്ചിറ, എറണാകുളം |
| ഡോ.അമ്പിളി<br>മെഡിക്കൽ ഓഫീസർ<br>(ഹോമിയോ) | മെഡിക്കൽ ഓഫീസർ<br>(ഹോമിയോ),<br>മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് | തീർത്ഥം, കോട്ടൂർ ലൈൻ,<br>മേക്കര , തൃപ്പൂണിത്തുറ |
| സിസി എ.എൽ.<br>ഹെഡ് മിസ്ട്രസ് GUPS | ഹെഡ് മിസ്ട്രസ് GUPS,<br>കാരിക്കോട് | മൂലേത്തടത്തിൽ ,<br>പൈങ്ങാരപ്പിള്ളി |

# 4-9. തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ.

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളുടെ /ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1981-82 | എൽ.എഫ്.ഇ.(പി4)868/98/10.5.2000 |
| 1982-83 മുതൽ 1995-96 വരെ | എൽ.എഫ്.ഇ.(പി4)868/98/10.5.2000 |
| 1996-97 | എൽ.എഫ്.ഇ.(പി4)184/98/15.06.1998 |
| 1997-98 | എൽ.എഫ്.ഇ.(പി4)1530/2000/15.3.01 |
| 1998-99 | എൽ.എഫ്.ഇ.(പി4)1530/2000/15.3.01 |
| 1999-2000 | എൽ.എഫ്.ഇ.(പി4)275/02/17.1.2003 |
| 2000-01 | എൽ.എഫ്.ഇ.(പി4)275/02/17.1.2003 |
| 2001-02 | എൽ.എഫ്.ഇ.(പി4)555/03/19.7.2003 |
| 2002-03 | എൽ.എഫ്.ഇ.(പി4)465/04/28.1.2005 |
| 2003-04 | എൽ.എഫ്.ഇ.(പി4)1381/04/28.1.2005 |
| 2004-05 | എൽ.എഫ്.ഇ.(പി6)1176/07/24.4.08/13.2.09 |
| 2006-07 | എൽ.എഫ്.ഇ.(പി6)78/09/17.3.09 |
| 2007-08 | എൽ.എഫ്.ഇ.(പി6)79/09/17.3.2010 |
| 2008-09 | എൽ.എഫ്.ഇ.(പി6)1836/11/2.11.2011 |
| 2009-10 | എൽ.എഫ്.ഇ.(പി6)113/11/11.8.2011 |
| 2010-11 | എൽ.എഫ്.ഇ.(പി6)1837/11/4.11.2011 |
| 2011-12 | എൽ.എഫ്.ഇ.(പി6)1067/13/20.9.2013 |
| 2012-13 | എൽ.എഫ്.ഇ.(പി6)1593/14/11.11.14/8.12.14 |
| 2013-14 & 2014-15 | കെ.എസ്.എ.ഇ.കെ.എം. (പി.6)388/ 2016/ 12.3.2016 |
| 2015-16 | കെ.എസ്.എ.ഇ.കെ.എം. (പി.6) 2128/ 2016/ 15.12.2016 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടിലെ തടസ്സങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം

# അനുബന്ധം - 1

# ഓഡിറ്റ് സർട്ടിഫിക്കറ്റ് - 2016-17

നം.കെ.എസ്.എ.-ഇ.കെ.എം(പി.6)1268/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം
സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in

തീയതി : 15.07.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ

നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ മുളന്തുരുത്തി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ മുളന്തുരുത്തി ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

# APPENDIX - I

# AUDIT CERTIFICATE – 2016-17

No.KSA-EKM(P.6)1268/2017

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in
Date : 15.07.2017

Certified that I have audited the Annual Financial Statement of MULANTHURUTHY Grama Panchayat in Ernakulam District for the Financial Year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of MULANTHURUTHY Grama Panchayat for the Financial Year 2016-17 properly presents the picture of income and expenditure.

Deputy Director